പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2975** 20/12/2012 ൽ മറുപടിയ്ക്ക്

## റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏതു ഘട്ടം വരെയായി എന്നും കേരളത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസു കൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു എന്നും വ്യക്തമാക്കാമോ; എന്തുകൊണ്ടാണ് റവന്യൂ രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കാത്തത് എന്ന് വെളിപ്പെടുത്താമോ ; | (എ) സംസ്ഥാനത്തെ 9 ജില്ലകളിലെ റീസർവ്വേ പൂർത്തീകരിച്ച 573 വില്ലേജുകളിലെ റവന്യൂ രേഖകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ പുരോഗമിച്ചു വരുന്നു. ടി വില്ലേജുകളിലെ ബി.റ്റി.ആർ. എൻട്രികൾ പൂർണ്ണമായും, തണ്ടപ്പേർ എൻട്രികൾ യുദ്ധകാലാടിസ്ഥാനത്തിലും കമ്പ്യൂട്ടറൈസ് ചെയ്തു വരുന്നു. 783 വില്ലേജ് ആഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. (കോട്ടയം- 95, പത്തനംതിട്ട - 68, മലപ്പുറം- 135, കണ്ണൂർ- 129, പാലക്കാട്- 156, കൊല്ലം- 40, ആലപ്പുഴ- 64, എറണാകുളം- 43, തൃശ്ശൂർ- 33, വയനാട്- 20). കൂടാതെ ഓൺലൈനായി പോക്കുവരവ് നടത്തുന്നതിലേയ്ക്കായി എൻ.ഐ.സി. യുടെയും, ഐ.റ്റി. സെല്ലിന്റെയും പ്രവർത്തന ഫലമായി റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പ്രോഗ്രാം വികസിപ്പിച്ചെടുക്കുകയും പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ കീഴിൽ വരുന്ന 17 വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരികയും ചെയ്യുന്നു. പ്രസ്തുത പരിപാടി സർക്കാരിന്റെ ഒരു വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത 573 വില്ലേജുക |

ളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തുടർന്ന് റീ-സർവ്വേ പൂർത്തീകരിച്ച എല്ലാ വില്ലേജുകളിലും ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതികളും പുരോഗമിച്ചു വരുന്നു.

(ബി) ഭൂമി സംബന്ധമായ അടിസ്ഥാന രേഖകൾ ബഹുഭൂരിഭാഗവും കാലഹരണപ്പെട്ടിരിക്കുയാണെന്നും അവശേഷിക്കുന്ന രേഖകൾ മാത്രമാണ് കമ്പ്യൂട്ടറിൽ ചേർത്തിരിക്കുന്നത് എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; ഭൂമിസംബന്ധമായ അടിസ്ഥാനരേഖകൾ കുറ്റമറ്റതായിരൂപപ്പെടുത്തുവാനും അവ കമ്പ്യൂട്ടർവൽക്കരിച്ച് ജനങ്ങൾക്ക് കാര്യക്ഷമവും സുഗമവുമായ സേവനം ഉറപ്പാക്കുവാനും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് റീസർവ്വേ നടപടികൾ ധ്രുതഗതിയിൽ പൂർത്തിയാക്കുവാനും വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ച് അതിനു വേണ്ടി പ്രത്യേക ട്രെയിനിംഗ് നൽകിയും ജീവനക്കാരെ പോസ്റ്റ് ചെയ്തും റവന്യൂ രേഖകൾ കമ്പ്യൂട്ടറുകളിലേയ്ക്ക് മാറ്റുവാനും നടപടിസ്വീകരി ക്കുമോ ?

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂമി സംബന്ധമായ അടിസ്ഥാന രേഖകൾ കുറ്റമറ്റതായി രൂപപ്പെടുത്തുവാനും അവ കമ്പ്യൂട്ടർവൽക്കരിച്ച് ജനങ്ങൾക്ക് കാര്യക്ഷമവും സുഗമവുമായ സേവനം ഉറപ്പാക്കുവാനും, വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ച് അതിനു വേണ്ടി പ്രത്യേക ട്രെയിനിംഗ് നൽകുന്നതിനും, റവന്യൂ രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയും അവരുടെ ദൈനംദിന സഹായത്തിന് ജില്ലാ ഐ.റ്റി.സെല്ലുകൾക്ക് എല്ലാ വിധ പരിശീലനവും നിർദ്ദേശവും നൽകിയിട്ടുള്ളതുമാകുന്നു.

സെക്ഷൻ ഓഫീസർ